മുദ്രകൾ

# 'വിവ ഗസ്സ'യുടെ പ്രതീകാത്മക യാത്ര



ജോർജ് ഗലോവെ, ഇസ്മാഈൽ ഹനിയ്യ

**രണ്ട്** ഭൂഖണ്ഡങ്ങളിലൂടെ നിരവധി രാജ്യങ്ങൾ മുറിച്ചു കടന്ന് ഒടുവിൽ അവർ യുദ്ധം ചവച്ചുതുപ്പിയ ഗസ്സയിലെത്തി. ബ്രിട്ടീഷ് പാർലമെന്റേറിയൻ ജോർജ് ഗലോവെയും നൂറു കണക്കിന് മനുഷ്യാവകാശ പ്രവർത്തകരും ഏതു നിമിഷവും ആക്രമിക്കപ്പെടുമെന്ന ഭീഷണി വകവെക്കാതെയാണ് ദുരിതക്കടലിൽ മുങ്ങുന്ന ഒരു ജനതയുടെ കണ്ണീരൊപ്പാൻ എത്തിയത്. 'വിവ ഗസ്സ' എന്ന പേരിലുള്ള ദുരിതാശ്വാസ സംഘത്തോടൊപ്പം പന്ത്രണ്ട് ആംബുലൻസ് വാഹനങ്ങളും ഒരു ഫയർ എഞ്ചിനും 1.4 മില്യൻ ഡോളർ വിലമതിക്കുന്ന സാധനസാമഗ്രികളും ഉണ്ടായിരുന്നു. എല്ലാം ഹമാസ് നേതൃത്വം നൽകുന്ന ഗവൺമെന്റിന് കൈമാറി. ഗലോവെ മാത്രം മൂന്ന് കാറുകളും 35,000 ഡോളറും സംഭാവന ചെയ്യുകയുണ്ടായി.

"ഫലസ്ത്വീനിൽ നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട ഇസ്മാഈൽ ഹനിയ്യ എന്ന പ്രധാനമന്ത്രിക്ക് പിൻബലം നൽകാനായിരുന്നു മുഖ്യമായും ഈ യാത്ര. ഞങ്ങൾ നൽകിയത് തീരെ മതിയാവില്ല എന്നറിയാം. എങ്കിലും അത്യധികം പ്രതീകാത്മകമാണ് ഞങ്ങളുടെ ഈ യാത്ര"- ഗലോവെ പറഞ്ഞു.

ഈജിപ്തിലെ റഫാ അതിർത്തി ചെക്പോസ്റ്റിലാണ് ഏറ്റവുമധികം പ്രയാസങ്ങൾ നേരിട്ടത്. ചിലർ സംഘത്തെ കൊള്ളയടിക്കാൻ വരെ മുതിർന്നു. താങ്കളോടൊപ്പമുള്ള മനുഷ്യാവകാശ പ്രവർത്തകരിൽ പലരും ബ്രിട്ടീഷുകാരാണല്ലോ എന്ന് ചോദിച്ചപ്പോൾ ഗലോവെയുടെ മറുപടി: "ഞങ്ങൾ ബ്രിട്ടീഷുകാർക്ക് ഫലസ്ത്വീന്റെ കാര്യത്തിൽ പ്രത്യേക ബാധ്യതയുണ്ട്. ഞങ്ങളുടെ വിദേശകാര്യ സെക്രട്ടറി ആർതർ ജെയിംസ് ബൽഫർ ആയിരുന്നല്ലോ, തനിക്ക് ഉടമാവകാശമില്ലാത്ത ഫലസ്ത്വീൻ ഭൂമി അർഹതയില്ലാത്ത ഒരു വിഭാഗത്തിന് പതിച്ചു നൽകിയത്. പക്ഷേ എല്ലാ ബ്രിട്ടീഷുകാരും ബൽഫറുകളല്ല."

സഹായവുമായി തങ്ങൾ ഗസ്സയിലേക്ക് പോവുകയാണെന്ന് പ്രഖ്യാപിച്ചപ്പോൾ *ബി.ബി.സി*ക്കാർക്കായിരുന്നു വലിയ ഞെട്ടൽ എന്ന് ഗലോവെ പരിഹസിച്ചു. "ബ്രിട്ടീഷ് ഗവൺമെന്റ് അനഭിമതനെന്ന് പ്രഖ്യാപിച്ച ഹനിയ്യയെ എങ്ങനെ ഒരു ബ്രിട്ടീഷ് എം.പി കാണും എന്നായിരുന്നു അവരുടെ സംശയം. ഞാനവരോട് പറഞ്ഞു: ജനാധിപത്യ വിരുദ്ധമാണ് ഗസ്സക്കെതിരെയുള്ള ഉപരോധം. ഉപരോധിച്ചവരാരോ അവരാണ് യഥാർഥ ക്രിമിനലുകൾ. ഹനിയ്യ ഗസ്സയുടെ മാത്രമല്ല, സ്വാതന്ത്ര്യം അഭിലഷിക്കുന്ന സർവ മനുഷ്യരുടെയും പ്രധാനമന്ത്രിയാണ്. സ്വതന്ത്ര മനുഷ്യരുടെ പ്രധാനമന്ത്രിയായി ഞങ്ങൾ അദ്ദേഹത്തെ സ്വീകരിച്ചിരിക്കുന്നു." ■

# വോട്ട് മുസ്‌ലിം സംവരണത്തെ പിന്തുണക്കുന്നവർക്ക്



സഫറുൽ ഇസ്‌ലാം ഖാൻ

**ന്യൂദൽഹി:** വരാൻപോകുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ മുസ്‌ലിം സംവരണത്തെ പിന്തുണക്കുന്ന കക്ഷികൾക്കു മാത്രമേ വോട്ട് നൽകാവൂ എന്ന് മുസ്‌ലിം സംഘടനകളുടെ പൊതുവേദിയായ ആൾ ഇന്ത്യാ മുസ്‌ലിം മജ്‌ലിസെ മുശാവറ (എ.ഐ.എം.എം.എം). രംഗനാഥ് മിശ്ര കമീഷൻ റിപ്പോർട്ട് പ്രകാരമുള്ള മുസ്‌ലിം സംവരണത്തെ പിന്തുണക്കുന്നവർക്കും വർഗീയവും വിഭാഗീയവുമായ അജണ്ടകളില്ലാത്തവർക്കും മാത്രമേ വോട്ട് രേഖപ്പെടുത്താവൂ. 2009 ഫെബ്രുവരി ഒന്നിന് ചേർന്ന മുസ്‌ലിം സംഘടനകളുടെ സംയുക്തയോഗം മുസ്‌ലിം സംവരണത്തിനു വേണ്ടി ദേശീയതലത്തിലും സംസ്ഥാന തലങ്ങളിലും പ്രക്ഷോഭം നടത്താൻ തീരുമാനിച്ചതിനെ മുശാവറ അഭിനന്ദിച്ചു. സംവരണ പ്രക്ഷോഭത്തിന് തുടക്കംകുറിച്ചിട്ടേയുള്ളൂ. ഈ തെരഞ്ഞെടുപ്പു കാലമാണ് പ്രക്ഷോഭം ശക്തിപ്പെടുത്താൻ പറ്റിയ സന്ദർഭം. രംഗനാഥ് മിശ്ര റിപ്പോർട്ട് രാഷ്ട്രീയ പാർട്ടികളെ കൊണ്ട് അംഗീകരിപ്പിക്കാനുള്ള ശ്രമം നടക്കണം. ക്രിയാത്മകമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് വോട്ടവകാശം വളരെ ബുദ്ധിപൂർവകമായി ഉപയോഗപ്പെടുത്താൻ മുശാവറ ഇന്ത്യൻ സമൂഹത്തെ ആഹ്വാനം ചെയ്തു. വിജയ സാധ്യതയുള്ള സെക്യുലർ സ്ഥാനാർഥികൾക്കാണ് വോട്ട് നൽകേണ്ടത്. പിന്നാക്കം നിൽക്കുന്ന മുസ്‌ലിംകളെ ഉയർത്തിക്കൊണ്ടുവരാൻ മുസ്‌ലിം സംവരണത്തെ അവർ അനുകൂലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം. മുസ്‌ലിംകളിൽ കാണുന്ന രാഷ്ട്രീയമായ ഉണർവ് ശ്ലാഘനീയമാണെങ്കിലും, എണ്ണമറ്റ 'മുസ്‌ലിം' രാഷ്ട്രീയ പാർട്ടികൾ പൊട്ടിമുളക്കുന്നത് മുസ്‌ലിം വോട്ടുകൾ ഭിന്നിപ്പിക്കുകയും വർഗീയ ശക്തികൾ അത് മുതലെടുക്കുകയും ചെയ്യുമെന്ന് മുശാവറ താക്കീത് നൽകി. മുശാവറ പ്രസിഡന്റ് ഡോ. സഫറുൽ ഇസ്‌ലാം ഖാൻ അധ്യക്ഷത വഹിച്ചു. ■

# ഇന്തോനേഷ്യ തെരഞ്ഞെടുപ്പിലേക്ക്



**ഏപ്രിൽ** ഒമ്പതിന് ഇന്തോനേഷ്യ പോളിംഗ് ബൂത്തിലേക്ക് നീങ്ങുകയാണ്. 38-ൽപരം ദേശീയ കക്ഷികളാണ് മാറ്റുരക്കുന്നത്. സ്വയംനിർണയാവകാശം ലഭിച്ച ആച്ചെ പ്രവിശ്യയിൽ ആറ് പ്രാദേശിക കക്ഷികൾ വേറെയും. കൂടിയാൽ പത്ത് കക്ഷികളേ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ബാക്കിയാവൂ എന്നാണ് രാഷ്ട്രീയ നിരീക്ഷകർ പറയുന്നത്.

പാർലമെന്റിന്റെ ഉപരിസഭയിൽ 128 സീറ്റും അധോസഭയിൽ 550 സീറ്റുമാണുള്ളത്. പന്ത്രണ്ടായിരത്തോളം സ്ഥാനാർഥികളും രംഗത്തുണ്ട്. പ്രസിഡന്റ് സുസിലോ ബംബാഗ് യുധോയോനോ നേതൃത്വം നൽകുന്ന ഡമോക്രാറ്റിക് പാർട്ടി, പ്രതിയോഗികളേക്കാൾ വളരെ മുന്നിലാണെന്ന് അഭിപ്രായ സർവേയിൽ വ്യക്തമാകുന്നു. വാഗ്ദാനങ്ങളിൽ മിക്കതും പൂർത്തീകരിക്കാൻ കഴിഞ്ഞതാണ് സുസിലോക്ക് അനുകൂലമായ ഘടകം. വൈസ് പ്രസിഡന്റ് യൂസുഫ് കല്ലയുടെ നേതൃത്വത്തിലുള്ള ഗോൾക്കാർ പാർട്ടിയോ സുകർണോ പുത്രി മേഘാവതിയുടെ പാർട്ടിയോ ആയിരിക്കും രണ്ടാം സ്ഥാനത്ത്.

ഇസ്‌ലാമികാഭിമുഖ്യമുള്ള പ്രോസ്പറസ് ജസ്റ്റീസ് പാർട്ടി (പി.കെ.എസ്)യാണ് തൊട്ടടുത്ത്. “മൂന്നാമത്തെ ഏറ്റവും വലിയ ദേശീയ കക്ഷിയാവുകയാണ് അടുത്ത തെരഞ്ഞെടുപ്പിൽ ഞങ്ങളുടെ ഉന്നം” - പാർട്ടിയുടെ കാമ്പയിൻ വിഭാഗം തലവൻ ട്രൈഹാദനോ പറഞ്ഞു. 1988ൽ ഏതാനും മുസ്‌ലിം ബുദ്ധിജീവികളും പണ്ഡിതന്മാരും ചേർന്നാണ് ഈ പാർട്ടി രൂപവത്കരിച്ചത്. കഴിഞ്ഞ ഒരു പതിറ്റാണ്ടിൽ പാർട്ടിയുടെ സ്വാധീനം വളരെയേറെ വർധിക്കുകയുണ്ടായി. നഗരങ്ങളിലാണ് പാർട്ടിക്ക് കൂടുതൽ സ്വാധീനം.

മുൻ പ്രസിഡന്റ് അബ്ദുർറഹ്മാൻ വാഹിദ് സ്ഥാപിച്ച നാഷനൽ അവൈക്കനിംഗ് പാർട്ടി (പി.കെ.ബി)യുടെ നിലയാണ് ശോചനീയം. നഹ്ദത്തുൽ ഉലമ എന്ന വലിയ മുസ്‌ലിം സംഘടനയുടെ പിന്തുണയോടെ രൂപീകൃതമായ ഈ പാർട്ടിയിലെ ചേരിപ്പോരാണ് മുഖ്യപ്രശ്നം. നിലവിലുള്ള 57 പാർലമെന്റ് സീറ്റ് പോലും അവർക്ക് നിലനിർത്താൻ കഴിയണമെന്നില്ല.

സുഹാർത്തോയുടെ ഏകാധിപത്യം തകർന്ന ശേഷം നടക്കുന്ന മൂന്നാമത്തെ പൊതു തെരഞ്ഞെടുപ്പാണിത്. തെക്ക് കിഴക്കനേഷ്യയിലെ തന്നെ ഏറ്റവും മികച്ച ജനാധിപത്യ സംവിധാനമാണ് ഇന്തോനേഷ്യയിലേത്. ■

## ബദൽ സമ്പദ്ഘടനയെക്കുറിച്ച് സെമിനാർ

**ബട്കൽ:** ആഗോള സാമ്പത്തിക പ്രതിസന്ധിയെ ഇസ്‌ലാമിക കാഴ്ചപ്പാടിൽ വിശകലനം ചെയ്യുന്ന ഏകദിന സെമിനാർ കർണാടകയിലെ ബട്കലിൽ സംഘടിപ്പിച്ചു. അൻജുമൻ എഞ്ചിനീയറിംഗ് കോളേജിലെ സ്റ്റുഡന്റ്സ് ഇസ്‌ലാമിക് അസോസിയേഷനായിരുന്നു സംഘാടകർ. മുതലാളിത്ത സമ്പദ്ഘടന തനി ജനവിരുദ്ധമാണെന്ന് സാമ്പത്തിക പ്രതിസന്ധി സാക്ഷ്യപ്പെടുത്തുന്നതായി സെമിനാറിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി. പണക്കാർക്ക് മാത്രമേ ആ ഘടനയിൽ രക്ഷയുള്ളൂ. വ്യാപാര സദാചാരം എന്നൊന്ന് തീരെ ഇല്ലാതായിരിക്കുന്നു. ഈ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരമുള്ളത് ഇസ്‌ലാമിക സമ്പദ്ഘടനയിൽ മാത്രമാണെന്നും അവർ സമർഥിച്ചു.

സെമിനാറിലെ മലയാളം സെഷനിൽ കേരളത്തിൽനിന്ന് ശൈഖ് മുഹമ്മദ് കാരകുന്ന്, മുജീബുർറഹ്മാൻ കിനാലൂർ, കെ.എം.എ റഹീം, മുഹമ്മദ് പാലത്ത്, ഡോ. ശഹീദ് റമദാൻ എന്നിവർ പങ്കെടുത്തു. ■